CORRUPTION, A CRIME AGAINST NATION

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി 30.11.2023

# "വ്യാജ സാലറി സർട്ടിഫിക്കറ്റ് നൽകിയതിന് മൃഗസംരക്ഷണ വകുപ്പിലെ രണ്ട് ക്ലർക്കുമാരെ വിജിലൻസ് കോടതി ശിക്ഷിച്ചു"

മൃഗസംരക്ഷണ വകുപ്പിൻ കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന തീവ്ര കന്നുകാലി വികസന പദ്ധതി ഓഫീസിലെ ക്ലർക്കുമാരായിരുന്ന ടി. സെൽ വരാജിനെയും എൻ. അജിത്കുമാറിനെയും വ്യാജ സാലറി സർട്ടിഫിക്കറ്റ് നെല്കിയ കേസിൽ കുറ്റക്കാരെന്നു കണ്ടെത്തി തിരുവനന്തപുരം വിജിലൻസ് കോടതി കഠിന തടവിനു ശിക്ഷിച്ചു. പ്രതിയായ ടി. സെൽ വരാജിനെ മൂന്നു വര്ഷം കഠിന തടവിനും 10,000/- രൂപ പിഴ ഒടുക്കുന്നതിനും മറ്റൊരു പ്രതിയായ എൻ. അജിത്കുമാറിനെ നാല് വർഷം കഠിന തടവിനും 10,000/- രൂപ പിഴ ഒടുക്കുന്നതിനുമാണ് വിജിലൻസ് കോടതി ശിക്ഷിച്ചത്. എൻ. അജിത്കുമാറിനെ റിമാണ്ട് ചെയ്തു ജയിലിലടച്ചു.

ശ്രീകുമാർ എന്ന സ്വകാര്യ വ്യക്തിക്ക് ലോൺ എടുക്കുന്നതിലേക്ക് തീവ്ര കന്നുകാലി വികസന പദ്ധതി ഓഫീസിലെ ഉദ്യോഗസ്ഥ നാ ണെന്ന് തെറ്റിദ്ധരിപ്പിച്ചു വ്യാജ സാലറി സർട്ടിഫിക്കറ്റ് നെൽകി എസ് ബി ഐ, എ കെ ജി സെൻറെർ ശാഖയിൽ നിന്നും 4,10,000/- രൂപ യുടെ ലോൺ എടുക്കുന്നതിലേക്ക് കൂട്ടുനിന്നതിന്, തിരുവനന്തപുരം വിജിലൻസ് യൂണിറ്റു രജിസ്റ്റർ ചെയ്ത കേസിലാണ് പ്രതികളായ ക്ലെർക്കുമാരെ ഇന്ന്(30-11-2023) ശിക്ഷിച്ചത്. തിരുവനന്തപുരം യൂണിറ്റ് മുൻ DYSP ശ്രീ S. സുരേഷ് ബാബു രജിസ്റ്റർ ചെയ്ത് പോലീസ് സൂപ്രണ്ട് ശ്രീ R D അജിത് , മുൻ DYSP ശ്രീ . T. അജിത് കുമാർ

എന്നിവർ ആന്വേഷിച്ച മുൻ പോലീസ് സൂപ്രണ്ട് ശ്രീ S. രാജേന്ദ്രൻ കുറ്റപത്രം സമർപ്പിച്ച കേസിലാണ് എന്ന് ശിക്ഷ വിധിച്ചത് . പ്രോസിക്യൂഷനു വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീരഞ്ജിത് കുമാർ .എൽ ആർ ഹാജരായി.

ഈ കേസിലെ മറ്റു പ്രതികൾ മരണ പ്പെട്ടു പോയതിനാൽ ശിക്ഷയിൽ നിന്നും ഒഴിവാക്കി. സ്വകാര്യ വ്യക്തി യായ ശ്രീകുമാറിനെ വെറുതെ വിട്ടു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.